പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം. 1017.

12.6.2014 ൽ മറുപടിക്ക്.

അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി.

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ. | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി പ്രകാരം നെന്മാറ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ കൊടുവായൂർ സർക്കാർ ഹയർസെക്കന്ററി സ്കൂൾ , നെൻമാറ ബോയ്സ് ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ സ്കൂളുകളിലെ 30 കുട്ടികൾക്ക് വീതമാണ് ഇപ്പോൾ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഇവർക്ക് നൈപുണി വികസനത്തിനായി ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ വിജ്ഞാനം, തൊഴിലധിഷ്ഠിത കോഴ്സ് എന്നിവയിൽ പരിശീലനം നൽകിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് വിശദമാക്കുമോ ? | (ബി) | ഉണ്ട്. കൂടുതൽ സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും പദ്ധതിക്കായി അപേക്ഷകൾ ഇപ്പോൾ നൽകാവുന്നതാണ്. പദ്ധതി അനുശാസിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സാമാജികർക്ക് മുൻകൈയെടുക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ